# ബെനീറ്റ പീറ്റർ ലോഗോസ് പ്രതിഭ

കൊച്ചി: കെസിബിസി ബൈബിൾ സൊസൈറ്റിയുടെ സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഒന്നാമതെത്തി ബെനീറ്റ പീറ്റർ 2017ലെ ലോഗോസ് പ്രതിഭയായി. ഇരിഞ്ഞാലക്കുട രൂപതയിലെ ബെനീറ്റ പീറ്റർ അഞ്ചു ലക്ഷത്തിഇരുപതിനായിരം പേരിൽ നിന്നാണ് ഒന്നാം സ്ഥാനത്തെത്തിയത്. പി.ഒ.സി. സുവർണജൂബിലി പ്രത്യേക അവാർഡ് എറണാകുളം-അങ്കമാലി അതിരൂപതയിലെ ലിസ്സി ജെയിംസ് കരസ്ഥമാക്കി. ആഗോളതലത്തിൽ ഏറ്റവും കൂടുതൽപേർ പങ്കെടുക്കുന്ന ഈ വചനോപാസനയിൽ കേരളത്തിൽനിന്നും കേരളത്തിനുപുറത്തുനിന്നുമുള്ള 37 രൂപതകളിൽനിന്നുള്ളവർ പങ്കെടുത്തു.

ലോഗോസ് ബൈബിൾ ക്വിസിൽ ആറു പ്രായ വിഭാഗങ്ങളിലെ സംസ്ഥാനതല ജേതാക്കളെ പങ്കെടുപ്പിച്ചു പാലാരിവട്ടം പിഒസിയിലാണ് ഇന്നലെ ഗ്രാൻഡ് ഫിനാലെ നടന്നത്. നവംബർ 23-25 തീയതികളിൽ ആറു ഗ്രൂപ്പകളുടെ ഫൈനൽ മത്സരങ്ങളും നടന്നു. സി വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് ബെനീറ്റ പീറ്റർ. മറ്റു വിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: എ- റോസ് മേരി (കോട്ടപ്പുറം) ബി- അൽഫോൻസ് റോസ് (തലശ്ശേരി), ഡി- റോസ് മേരി (കോതമംഗലം), ഇ- ലിസ്സി ജെയിംസ് (എറണാകുളം-അങ്കമാലി), എഫ്- മേരി പോൾ (പാല). കേരളത്തിനു പുറത്തുനിന്ന് ഒന്നാംസ്ഥാനത്തെത്തിയത് ഡോ. സിന്ധു പോൾ ആണ്. ലോഗോസ് ഫാമിലിക്വിസ് ഫൈനലിൽ പാലാ രൂപതയിലെ ജോസഫ് കല്ലറയ്ക്കലും കുടുംബവും ഒന്നാം സ്ഥാനത്തെത്തി. കോട്ടയം അതിരൂപതയിലെ ലാൽസൺ മാത്യുവിന്റെ കുടുംബം രാം സ്ഥാനത്തിനും ആലപ്പുഴ രൂപതയിലെ മോസസ് വാച്ചാക്കലിന്റെ കുടുംബം മൂന്നാം സ്ഥാനത്തിനും അർഹരായി.

സമാപന സമ്മേളനത്തിൽ ബൈബിൾകമ്മീഷൻ ചെയർമാൻ മൂവാറ്റുപുഴ രൂപതാധ്യക്ഷൻ മോസ്റ്റ് റവ. ഡോ. അബ്രാഹം മാർ യൂലിയോസ് വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. ലോഗോസ് ബൈബിൾ ക്വിസിന് ആഗോളസഭയിൽ അതുല്യസ്ഥാനമുണ്ടെന്നും ജനങ്ങളുടെയിടയിൽ ദൈവവചനം സമീപസ്ഥമാക്കുന്നതിൽ ഈ ലോഗോസ് ക്വിസ് വലിയ സംഭാവനകൾ ചെയ്യുന്നുണ്ടെന്നും പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അനുസ്മരിച്ചു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാപുരസ്കാരം ഈ സമ്മേളനത്തിൽവച്ച് റവ ഫാ. ജസ്റ്റിൻ കൈപ്രമ്പാടന് സമ്മാനിച്ചു. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിററൂട്ടിലെ അസോസിയേറ്റ് പ്രൊഫസറായ ഫാ.ഹെൻറി പട്ടരുമഠത്തിൽ എസ്.ജെ. രചിച്ച *മലയിലെപ്രസംഗം* എന്ന പുസ്തകം അഭിവന്ദ്യ യൂലിയോസ് പിതാവ് ഷെവ. പ്രീമൂസ് പെരിഞ്ചേരിക്കു കൈമാറി പ്രകാശനംചെയ്തു.

സമാപനസമ്മേളനത്തിൽ കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. ശ്രീ. ജോയി പാലയ്ക്കൽ, കിരിക്കൽ ട്രാവൽസിലെ മാത്യു കിരിക്കൽ ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ.ഡോ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി, വൈസ് ചെയർമാൻ ആന്റണി പാലിമറ്റം എന്നിവർ പ്രസംഗിച്ചു.

ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാടു സന്ദർശനവും പാലയ്ക്കൽ തോമ്മാ മല്പാൻ ക്യാഷ് അവാർഡുമാണു സമ്മാനം. വിവിധ പ്രായവിഭാഗങ്ങളിലെ വിജയികൾക്കും ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

*(പടം... ലോഗോസ്...*

*എറണാകുളം പിഒസിയിൽ നടന്ന കെസിബിസി ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയുടെ സമ്മാനം ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ് എബ്രാഹം മാർ യൂലിയോസ് നല്കുന്നു. ജോസഫ് പന്തപ്ലാക്കൽ, ശ്രീ ആന്റണി പാലിമറ്റം, റവ.ഫാ. വർഗീസ് വള്ളിക്കാട്ട്, ബനീറ്റ പീറ്റർ, റവ. ഡോ. ജോൺസൺ പുതുശ്ശേരി, മാത്യു കിരിക്കൽ, ജോയി പാലയ്ക്കൽ, ജിസ്മോൻ തുടിംയംപ്ലാക്കൽ, തുടങ്ങിയവർ സമീപം.)*